# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1377** **07.06.2018 -ൽ മറുപടിക്ക്**

## ഹലോ ഇംഗ്ലീഷ് പഠന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | പ്രൊഫ: സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) യു.പി , ഹൈസ്കൂൾ, പ്ലസ്ടു തലങ്ങളിൽ ഇംഗ്ലീഷ് അദ്ധ്യാപനത്തിന്റെ പഠനനിലവാരം ഉയർത്തേണ്ട സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും സി) യും ഉണ്ട്. സ്കൂൾ തലത്തിൽ പഠന നിലവാരം ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പരിപാടിയെ അടിസ്ഥാനമാക്കി ഒട്ടേറെ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇംഗ്ലീഷ് ഉൾപ്പെടെ എല്ലാ വിഷയങ്ങളുടേയും അദ്ധ്യാപന നിലവാരം ഉയർത്തുന്നതിനും അദ്ധ്യാപകരുടെ റഫറൻസിനും ക്ലാസ്സ് റൂം വിനിമയത്തിനുമായി 'സമഗ്ര' എന്ന വെബ്പോർട്ടൽ വഴിപഠന വിഭവങ്ങൾ ലഭ്യമാക്കി വരുന്നു. വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ പഠന നിലവാരം ഉയർത്താനായി സർക്കാർ ആവിഷ്കരിച്ച പഠന പോഷണ പരിപാടിയാണ് "ഹലോ ഇംഗ്ലീഷ്". 2017-18 വർഷത്തിൽ പ്രൈമറിതലത്തിൽ ആരംഭിച്ച ഈ പദ്ധതി 2018-19 വർഷത്തിൽ യു.പി. ഹൈസ്കൂൾ തലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. ഇതിനായി അദ്ധ്യാപകർക്കുള്ള പരിശീലന സാമഗ്രികളും കൈപ്പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാവുന്നതെന്ന് വിശദമാക്കുമോ; | |
| സി) ഹലോ ഇംഗ്ലീഷ് പഠന പദ്ധതി യു.പി. തലത്തിൽ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ